**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 398** **08-06-2021 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണസംഘത്തിന്റെ പുനരുദ്ധാരണ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ ആലംകോട് കേന്ദ്രമായി പ്രവർത്തിച്ചിരുന്ന വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണസംഘത്തിൽ നടപ്പിലാക്കുന്ന പുനരുദ്ധാരണ പാക്കേജ് ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (എ) | വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തിനായി പദ്ധതികളൊന്നും നിലവിലില്ല. വീക്ഷണം കൈത്തറി നെയ്ത്തു സഹകരണ സംഘത്തിന് വിവിധ ഇനങ്ങളിലായി റവന്യൂ റിക്കവറി കുടിശ്ശിക ഇനത്തിലെ 18 ലക്ഷം രൂപ ഉൾപ്പെടെ ഏകദേശം 40 ലക്ഷത്തോളം രൂപയുടെ ബാധ്യത നിലനിൽക്കുന്നുണ്ട്. പ്രസ്തുത റവന്യൂ റിക്കവറിയുടെ ഭാഗമായുള്ള ജപ്തി നടപടിയിന്മേൽ സ്റ്റേ അനുവദിക്കുന്നതു സംബന്ധിച്ചുള്ള വിഷയം റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ